**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3236** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പരിസരങ്ങളിലെ ലഹരി വിൽപന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിലും സ്കൂളുകളുടെ പരിസരങ്ങളിലും വിദ്യാർത്ഥികളെ ലക്ഷ്യമാക്കി ലഹരി പദാർത്ഥങ്ങളുടെയും നിരോധിത പുകയില ഉല്പന്നങ്ങളുടെയും വിപണനം നടക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്, സംസ്ഥാനത്തെ സ്കൂളുകളിലും സ്കൂളുകളുടെ പരിസരങ്ങളിലും ലഹരി പദാർത്ഥങ്ങളുടെയും നിരോധിത പുകയില ഉല്പന്നങ്ങളുടെയും വിപണനം നടക്കുന്നത് ഗൗരവമായി കാണുന്നുണ്ട്. ലഹരി പദാർത്ഥങ്ങളിൽ നിന്നും കുട്ടികൾക്കുള്ള സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു രണ്ടാഴ്ച്ച മുൻപു തന്നെ സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങൾ, മയക്കുമരുന്ന് എന്നിവ കുട്ടികൾക്ക് വിൽപ്പന നടത്താൻ സൂക്ഷിച്ച് വെച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെട്ടാൽ നടപടികളും സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ പരിസരത്തെ ഇടവഴികൾ, പ്രവർത്തനം ഇല്ലാതെ അടച്ചിടിരിക്കുന്ന കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റുന്ന ഇടങ്ങൾ, കുറ്റിക്കാടുകൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവ ഏതെന്ന് കണ്ടെത്തി തുടർ പരിശോധനകൾ നടത്തി വരുന്നതുമാണ്. |
| (ബി) | സ്കൂളുകളുടെ സമീപത്തെ മെഡിക്കൽ ഷോപ്പുകളിലടക്കം നിരോധിത ലഹരി പദാർത്ഥങ്ങളുടെയും സിന്തറ്റിക് മരുന്നുകളുടെയും വിൽപ്പന നടത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ അധ്യാപകരുടെയും പി.ടി.എ. യുടെയും സഹായത്തോടെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സ്കൂളുകളുടെ സമീപത്തെ മെഡിക്കൽ ഷോപ്പുകളിലടക്കം നിരോധിത ലഹരി പദാർത്ഥങ്ങളുടെയും സിന്തറ്റിക് മരുന്നുകളുടെയും വിൽപ്പന നടത്തുന്നതുമായി ബന്ധപെട്ട കേസുകൾ ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് സ്കൂൾ ജാഗ്രതസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ ജാഗ്രതാ സമിതികളിൽ പ്രഥമാധ്യപികർ ചെയർമാനും പി ടി എ പ്രസിഡന്റ്, എം പി ടി എ പ്രസിഡന്റ് എന്നിവർ അംഗങ്ങളുമാണ്. സ്കൂൾ ജാഗ്രത സമിതി സ്കൂൾ തലത്തിലെ ജാഗ്രത |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. സ്കൂൾ തലത്തിൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളിൽ കൃത്യമായ തീരുമാനമെടുക്കുകയും അല്ലാത്തവ ബന്ധപെട്ട അധികാരികളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. അമ്മ റിസോഴ്സ് ഗ്രൂപ്പായി പ്രവർത്തിക്കുന്ന രക്ഷകർത്താക്കളുടെ കൂട്ടായ്മ സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി വരുന്നു. വിദ്യാലയ ജാഗ്രത സമിതിയെ സഹായിക്കൽ, ശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്ക് ചേരൽ എന്നിവ ഈ കൂട്ടായ്മയുടെ ചുമതലകളിൽ ഉൾപെട്ടതാണ്. ലഹരി വിരുദ്ധപ്രവർത്തനങ്ങളിൽ ഒരു സ്കൂളിൽ കൂട്ടായി ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുന്നുണ്ട് |
| (സി) | സംസ്ഥാനത്തെ സ്കൂളുകളുടെ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെയും നിരോധിത പുകയില ഉല്പന്നങ്ങളുടെയും വിൽപന തടയാൻ വിദ്യാഭ്യാസ വകുപ്പ് മറ്റ വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; വ്യക്തമാക്കാമോ? | (സി) | ലഹരി പദാർത്ഥങ്ങളുടെയും നിരോധിത പുകയില ഉല്പന്നങ്ങളുടെയും വിപണവും ഉപയോഗവും തടയാൻ വിവിധങ്ങളായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പുമായി ചേർന്ന് കൂടുതൽ ശക്തിപ്പെടുത്തിയിട്ടുള്ളതാണ്.. ഏതെങ്കിലും തരത്തിൽ പെരുമാറ്റ വൈകല്യമുള്ള കുട്ടികളുടെ വിവരം, അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. കേസുകൾ കണ്ടെത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും പരിഹരിക്കുന്നതിനും മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരു Standard Operating Procedure(SOP) തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഓരോ എക്സൈസ് റെയിഞ്ച് ഓഫീസിന്റെയും പരിധിയ്ക്കുള്ളിൽ വരുന്ന സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പുനസംഘടിപ്പിക്കുകയും ക്ലബ്ബുകൾ ഇല്ലാത്ത സ്കൂളുകളിൽ പുതിയ ക്ലബ്ബുകൾ രൂപീകരിച്ചും ഓരോ സ്കൂളിനും വിമുക്തി പ്രവർത്തനങ്ങൾക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും, ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കായി സ്കൂളുകളിൽ ഓരോ അദ്ധ്യാപകനെ ചുമതലപ്പെടുത്തിയും വന്നിട്ടുള്ളതാണ്. ലഹരി ഉപയോഗം സംബന്ധമായ വിവരങ്ങളും പരാതികളും അറിയിക്കുന്നതിനും, കൗൺസിലിംഗ് സംബന്ധമായ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട മൊബൈൽ നമ്പരുകളും എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ